(ബി) 2014-15 -ൽ കെ.എം.എസ്.സി.എൽ ആകെ വാങ്ങിയ മരുന്നിന്റെയും, ചികിത്സാ ഉപകരണങ്ങളുടെയും തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ഓർഡർ നൽകിയ തുക	മരുന്നു ലഭ്യമായത്(തുക)
2014-15	2,50,97,60,116.00	1,95,89,97,489.00

പി.എച്ച്.സി.-കളിലെ ലബോറട്ടറി സംവിധാനം

13 (705) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോയെന്ന് വിശദമാക്കാമോ ;

(ബി) ലാബുകൾ ഇല്ലാത്ത പി.എച്ച്.സി.-കൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഇവയിൽ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോയെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) എല്ലാ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

1	തിരുവനന്തപുരം	43
2	കൊല്ലം	49
3	പത്തനംതിട്ട	29
4	ആലപ്പുഴ	55
5	കോട്ടയം	45
6	ഇടുക്കി	17
7	എറണാകുളം	62
8	തൃശ്ശൂർ	57
9	പാലക്കാട്	47
10	മലപ്പുറം	51
11	കോഴിക്കോട്	50
12	വയനാട്	14
13	കണ്ണൂർ	80
14	കാസർഗോഡ്	23
	ആകെ	622

(സി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 250 ഗ്രാമപഞ്ചായത്തുകളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

പനി ബാധിച്ചുള്ള മരണം

14 (706) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന നാളിതുവരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലുമായി ഏതെല്ലാംതരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly